# തവനൂർ ഗ്രാമപഞ്ചായത്ത്

മൂന്നാം വാർഡ് (മുവ്വാങ്കര ) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

**( 2018-2019**സാമ്പത്തികവർഷത്തിൽ **2018** ഒക്ടോബർ **1** മുതൽ **2019** മാർച്ച് **31**വരെ നടന്നിട്ടുള്ള പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് - കരട്)

തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യുണിറ്റ്/പൊന്നാനി ബ്ലോക്ക്

സമർപ്പണം: മൂന്നാം വാർഡ് ഗ്രാമസഭ മുമ്പാകെ.

തൊഴിലുറപ്പ് പദ്ധതിയില് ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി തവനൂർ ഗ്രാമ പഞ്ചായത്തിന്റെ എട്ടാം വാർഡിൽ നടത്തിയ**2018-19**വർഷത്തിലെ ഒക്ടോബർ **1** മുതൽ മാർച്ച് **31** വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.

ആമുഖം

ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുതുനതിനു വേണ്ടി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്തംബര് 5 നു പാര്ലമെന്റ് പാസ്സാക്കി.നിയമത്തിന്റെ പിന് ബലമുള്ള അവകാശധിശാധിഷ്ട്ടിത പദ്ധതിയാണിത്.സ്ത്രീക്കും പുരുഷനും തുല്യ വേതനംഉറപ്പു വരുതുന്നതിനോടൊപ്പം ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും 100 ദിവസത്തെ വേതനതോട് കൂടിയ അവിധ്ഗ്ത കായിക തൊഴില് ഈ നിയമം ഉറപ്പു വരുത്തുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട തവനൂർ ഗ്രാമപഞ്ചായത്ത് 25.28 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. വടക്കും കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ ഭാരതപ്പുഴ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തിന്റെ തെക്കുഭാഗത്ത് കാലടി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. 2011 സെൻസസ് പ്രകാരം 34500പേർ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 17212 പേർ സ്ത്രീകളും 16258 പേർ പുരുഷൻമാരുമാണ്.ആകെ 19 വാർഡുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്.ഇതില് 3-ആം വാര്ഡായ മൂവ്വങ്കര ആണ് സോഷ്യല് ഓഡിറ്റ് പ്രക്രിയക്കായി തെരഞ്ഞെടുത്തത്.വാർഡ് പൊതുവെ ജനവാസകേന്ദ്രങ്ങളായ ചെങ്കൽ കുന്നുകളും ചെറിയൊരു ഭാഗം വയലുകളും നിറഞ്ഞതാണ്. വാർഡ് പൂർണ്ണമായും ഭാരതപ്പുഴയുടെ വൃഷ്ടി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. തെങ്ങാണ് വാർഡിലെ പ്രധാന കാർഷികവിള. കൂടാതെ വാഴ, പച്ചക്കറികൾ, കുറഞ്ഞ അളവിൽ നെല്ല് എന്നിവയും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. വാർഡിൽ ഒരു സ്കൂൾ , ഒരു അങ്കണവാടി എന്നിവ സ്ഥിതി ചെയ്യുന്നുണ്ട്

രീതി ശാസ്ത്രം

തവനൂർ പഞ്ചായത്തിലെ മൂന്നാം വാർഡിൽ (മൂവ്വങ്കര )സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി നടത്തിയ പ്രവര്ത്തനങ്ങള് : 2019 ഒക്ടോബർ 1 മുതൽ 8വരെയാണ് മൂവ്വങ്കര വാർഡിൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായുള്ള വിശദമായ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനകളും നടക്കുന്നത്.2018 ഒക്ടോബർ 31 ശേഷം നടന്നിട്ടുള്ള പ്രവർത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നത് കൂടാത ജോയിൻറ് ബി.ഡി.ഒ, ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, ജെപിസി എന്നീ ഉദ്യോഗസ്ഥന്മാരുടെയും പൂർണപിന്തുണ സോഷ്യൽ ഓഡിറ്റിന് ഉണ്ടായിരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾക്ക് മേറ്റ്മാരായ ശ്രീമതി ലീല എന്നിവർ അവരുടെ സമയവും അറിവും അധ്വാനവും സ്വമേധയാ നൽകിയിട്ടുണ്ട്. വ്യക്തിജീവിതത്തിലെ പ്രതിസന്ധികൾക്കിടയിലും ഇതിനു സമയം കണ്ടെത്തിയ മേറ്റുമാരുടെ സമീപനം പ്രത്യേകം സ്മരിക്കുന്നു. വാർഡ് മെമ്പർ ഹസ്സൈനാർ ഹാജി അദ്ദേഹത്തിൻറെ അറിവുകളും സമയവും സോഷ്യൽ ഓഡിറ്റിനു വേണ്ടി നൽകിയിരുന്നു. പഞ്ചായത്ത് സെക്രട്ടറിയും വളരെയധികം സഹായകമായ നിലപാടാണ് സ്വീകരിച്ചത്. വർക്ക് ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിശദമായ പരിശോധന, പ്രവർത്തി നടന്നിട്ടുള്ള സ്ഥലങ്ങളുടെ നേരിട്ട് ചെന്ന് വിശദമായ പരിശോധന, വീടുവീടാന്തരം കയറിയിറങ്ങിയുള്ള ഗുണഭോക്താക്കളുമായുള്ള അഭിമുഖങ്ങൾ, അങ്ങനെ വിശദമായ പ്രവർത്തനങ്ങളാണ്

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിട്ടുള്ളത്.

തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ

1. തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം
2. അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുഉള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങൾ

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലെ തൊഴിലുറപ്പു വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എഞ്ചിനീയറും (ശ്രീ അബ്ദുൽ റഹ്മാൻ) ഓവർസിയറും (ശ്രീ റഹീം) രണ്ട് ഡി.ഇ.ഒ /അക്കൗണ്ടന്റുമാരും (ശ്രീമതിദൃശ്യ, ശ്രീമതി അജിഷ) ഇതുകൂടാതെ വാർഡ് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ ഹസ്സൈനാർഹാജി വാർഡിലെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങള് എന്നിവരുമുണ്ട്

തവനൂർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ തൊഴിലുറപ്പ് പദ്ധതി

മൂന്നാം വാർഡിൽ ആകെ 245 തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ___ കുടുംബങ്ങളാണ് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുള്ളത്.ഇതിൽ 35 പേർ സജീവ തൊഴിലാളികളാണ്. ഈ വാർഡിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു

**1.**ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം **IF/316620**

**2.**ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണം **IF/368174**

7 രജിസ്ററ് പരിശോധന സംബന്ധിച്ച്.

- തൊഴില് രജിസ്ടര് പരിശോധിച്ചപ്പോള് വേതനം വൈകിയതിന്റെ വിവരങ്ങള് കാണാൻ കഴിഞ്ഞു

തൊഴില് ആവശ്യപ്പെട്ടതും തൊഴില് അനുവദിച്ച വിവരങ്ങളും രജിസ്ററില് രേഖപ്പെടുത്തി കണ്ടില്ല.

- പരാതി രജിസ്ററില് യാതൊരു പരാതിയും രേഖപ്പെടുത്തിയതായി കണ്ടില്ല.
- മെറ്റീരിയല് രജിസ്ററില് 2018-19 സാമ്പത്തിക വര് ഷത്തെ മെറ്റീരിയലിന്റെ ഒരു വിവരവും രേഖപ്പെടുത്തിയിട്ടില്ല .
- സ്ഥിര ആസ്തി രജിസ്ററില് 4-പ്രവര്ത്തികളുടെ വിവരങ്ങള് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ .

പഞ്ചായത്തില് പരിശോധിച്ച 7 രജിസ്റ്ററുകളും കാലാനുസ്ര്തമായി പുതുക്കിയിട്ടില്ല.

വര്ക്ക് ഫയലുകള്

രണ്ടു പ്രവര്ത്തികളുടെ വര്ക്ക് ഫയല് പരിശോധിച്ചപ്പോള് , Annual Master Circular അദ്ധ്യായം -7 പ്രകാരം ഒരു വര് ക്ക് ഫയലില് ഉണ്ടായിരിക്കേണ്ട 22 – രേഖകളില് 2പ്രവര് ത്തികളിലും 15 രേഖകള് കാണാന് കഴിഞ്ഞു.

ഫയലില് ലഭ്യമല്ലാത്ത രേഖകള്

സംയോജിത പദ്ധതി വിവരങ്ങള് , സാധനങ്ങള് വാങ്ങിയതിന്റെ വിവരങ്ങള്, അഡ്മിനിസ്ട്രേറ്റീവ് സംഗ്ഷൻ , സാധനങ്ങള് വാങ്ങിയതിന്റെ ബില്ലുകള് ,,റോയല്റ്റി, ജിയോ ടാഗുള്ള ഫോട്ടോകൾ , സോഷ്യല് ഓഡിറ്റ് റിപ്പോര്ട്ടിന്റെ കോപ്പി,

കവർ പേജ്

- പരിശോധിച്ച 2 ഫയലുകളിലും കവര് പേജിലെ വിവരങ്ങള് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

- കവര്  പേജില്  വര്ക്കിന്റെ പേര് ,വര്ക്ക് കോഡ്,പഞ്ചായത്ത്,പ്രവൃത്തി സ്ഥലം,പ്രവൃത്തി ആരംഭിച്ച തീയതി,അവസാനിച്ച തീയതി ,അടങ്ങള്  തുക, യഥാര്ത്ഥ ചിലവ് ഓവറ്സീയറുടെ ഒപ്പ് ,ഷെല്ഫ് ഓഫ് വര്ക്ക് എന്നിവ രേഖപ്പെടുത്തിയിടടുണ്ട്
- സീരിയല്  നമ്പര്  രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാല്  ,പ്രവൃത്തിയുടെ വിഭാഗം,ജിയോ ടാഗ് സംബന്ധിച്ച വിവരങ്ങള്  സോഷ്യല്  ഓഡിറ്റ് വിവരങ്ങള്  എന്നിവ കാണുവാന്  സാധിച്ചില്ല.

ചെക്ക് ലിസ്റ്റ്

- പരിശോധിച്ച 2ഫയലുകളിലും ചെക്ക് ലിസ്റ്റ് കാണുവാന്  സാധിച്ചു.
- ചെക്ക് ലിസ്റ്റില്  ഓരോ രേഖകളുടെയും പേജ് നമ്പര്  ചേര്ത്തിട്ടുണ്ട്.

ആക്ഷന്  പ്ലാന്  കോപ്പി

- തവനൂര്  ഗ്രാമ പഞ്ചായത്തില്  പരിശോധിച്ച 2 ഫയലുകളിലുആക്ഷന്  പ്ലാനിന്റെ കോപ്പി കാണുവാൻ സാധിച്ചു

എസ്റിമേറ്റ്

- പരിശോദിച്ച 2ഫയലുകളിലും എസ്റിമേറ്റ്  കോപ്പി ഉള്പ്പെടുത്തിയതായി കാണുവാന് സാധിച്ചു.
- ജനകീയ എസ്റിമേറ്റ് എല്ലാ .ഫയലുകളിലും ഉൾപ്പെടുത്തിയത് എല്ലാവർക്കും തൊഴിലിനെ കുറിച്ച് അറിയാനും മനസ്സിലാക്കാനും സാധിക്കും
- അബ്സ്ട്രക്റ്റ് ഓഫ് എസ്റിമേറ്റ് ,വിശദമായ എസ്റിമേറ്റ് എന്നിവ എല്ലാ ഫയലുകളിലും ഉള്പ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളി-സാധന ഘടകങ്ങള്  സംബന്ധിച്ച വിവരങ്ങള്  ,റേറ്റ്അനാലിസിസ്,ലീഡ്& ലിഫ്റ്റ് വിവരങ്ങള്  ,ബോഡിനെ സംബന്ധിച്ച വിവരങ്ങള്  എന്നിവ കൃത്യമായി ചേര്ത്തിട്ടുണ്ട്
- വര്ക്ക് എസ്റ്റിമേറ്റിൽ  എ ഇ, ഓവർസിയർ  എന്നിവര്  ഒപ്പ് സീല്  എന്നിവ കാണുവാന്  സാധിച്ചു.എന്നാല്  ഒപ്പിനോടൊപ്പം തീയതി രേഖപ്പെട്ത്തിയിടില്ല്യ.

സാങ്കേതിക അനുമതി

- പരിശോധിച്ച 2 ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉള്പ്പെടുത്തിയിട്ടുണ്ട്.
- ഭരണാനുമതി നമ്പര്  ,തീയതി,എസ്റിമേറ്റ് തുക,തൊഴിലാളി-സാധന ഘടകങ്ങള് എന്നിവ കൃത്യമായി രേഖപ്പെടുത്തി എ ഇ ,ഓവര്  സീയര്  എന്നിവ ഒപ്പ്,സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാല്  തീയതി രേഖപ്പെടുതിയിടില്ല.

ഭരണാനുമതി

- പരിശോധിച്ച 2 ഫയലുകളിലും ഭരണാനുമതി ഫോം കാണാൻ സാധിച്ചില്ല

മസ്റ്റ്ർ റോള്

- പരിശോധിച്ച 2ഫയലുകളിലും അവിദഗ്ധ,വിദഗ്ധ തൊഴിലാളികളുടെ മസ്ടര് റോളുകള് സൂക്ഷിച്ചിട്ടുണ്ട്.
- ബിഡിഒ,സെക്രട്ടറി,മസ്ടര് റോള് പരിശോധിച്ച ഉദ്യോഗസ്ഥന് ,മേററ് എന്നിവരുടെ ഒപ്പ് ,സീല് എന്നിവ ഉള് പ്പെടുത്തിയിട്ടുണ്ട്.
- തവനൂര് പഞ്ചായത്തുകളിലെ മസ്ടര് റോളുകളില് എം ബുക്ക് നമ്പര് ,പ്രവര്ത്തി ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളികളുടെ ഹാജര് വിവരങ്ങള് ,ഒപ്പ്,ഒരു ദിവസത്തെ വേതനം,ആകെ വേതനം,പണിയായുധങ്ങളുടെ വാടക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- സെക്രട്ടറി,ബി ഡി ഒ എന്നിവര് ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല.

വേജ് ലിസ്റ്റ്

- ഫയലുകളില് എംഐഎസ് ഇല് നിന്നും ഉള്ള വേജ് ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.
- അവിദഗ്ധ,വിദഗ്ദ്ധ/അർദ്ധ വിദഗ്ധ ധ തൊഴിലാളികളുടെ വേജ് ലിസ്റ്റുകള് പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

എഫ്.ടി.ഒ

- 2ഫയലുകളിലും മസ്ടര് രോളിനോട് ചേര്ന്ന് എഫ് ടി ഒ യുടെ നമ്പര് രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിരിയ്ക്കുന്നത്.

ഡിമാന്ഡ് ഫോം

- പരിശോധിച്ച 2 ഫയലുകളിലും എഴുതിതയ്യാരാക്കിയ തൊഴില് ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രൂപ്പ് അപേക്ഷ കാണുവാൻ സാധിച്ചു
- ഇതില് തൊഴിലാളികളുടെ പേര് ,തൊഴില് കാര്ഡ് നമ്പര് എന്നിവ മാത്രമാണ് രേഖപ്പെടുതിയിരിയ്ക്കുന്നത്.
- വര്ക്ക് ഫയലില് ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷ ഫോമില് പഞ്ചായത്തില് നിന്നും കൈപ്പറ്റിയ മറുപടി രസീറ്റ് ചേര്ത്തിട്ടുണ്ട്.
- ഗ്രൂപ് അപേക്ഷയില് തൊഴിലാളികളുടെ ഒപ്പ്,തീയതി,ആവശ്യപ്പെട്ടിരിക്കുന്ന തൊഴില് ദിനങ്ങള് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്

വര്ക്ക് അലൊക്കേഷൻ ഫോം

- പരിശോധിച്ച 2 ഫയലുകളിലും വർക്ക് അലോക്കേഷൻ ഫോം സൂക്ഷിച്ചിട്ടുണ്ട്

- അപേക്ഷിച്ച തൊഴിലാളികളുടെ പേര്,തൊഴില് അനുവദിച്ച തീയതി ,കാലയളവ് എന്നിവ കൃത്യമായി ചേര് ത്തിട്ടുണ്ട്.

മസ്ററ് റോള് മൂവ്മെന്റ് സ്ലിപ്/ഫയല് ട്രാക്കിംഗ് ഫോം

- തവനൂര് ഗ്രാമ പഞ്ചായത്തിലെ പരിശോധിച്ച 2 വര്ക്ക് ഫയലുകളിലും മസ്റ്റർ റോൾമൂവ്മെൻറ് സ്ലിപ് സൂക്ഷിച്ചിട്ടുണ്ട്
- ഇതില് മസ്ടര് റോള് നമ്പര് ,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,എം ഐ എസില് വിഅര്ങ്ങള് രേഖപ്പ്ടുത്തിയ തീയതി ,എഫ് ടി ഒ ഫസ്റ്റ് സിഗ്നേട്ടറി,സെക്കന്റ് സിഗ്നേട്ടറി തീയതികള് രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രവൃത്തിയുടെ അളവ് സംബന്ധിച്ച വിവരങ്ങള് രേഖപ്പെടുത്തിയ തീയതികള് ഉൾപ്പെടുത്തിയിടടുണ്ട്

മെറ്റീരിയല് സംബന്ധിച്ച വിവരങ്ങള്

- മെറ്റീരിയല് വാര്ക്കിന്റ്റ് 2 ഫയലുകലാണ് പരിശോധിച്ചത് അതിൽ രണ്ടിലും മെറ്റീരിയൽ ലിസ്റ്റ് വെച്ചിട്ടുണ്ട്
- എന്നാല് കൊട്ടേഷന് വിളിച്ചതിന്റെ രേഖകള് ,കംപാരറ്റീവ് സ്റ്റെമെന്റ്റ്,പര് ച്ചേസ് ഓര് ഡര് എന്നിവയൊന്നും തന്നെ ഫയലുകളില് കാണുവാന് സാധിച്ചില്ല.
- ബോര്ഡിന് റെ ബില്ലുകള് ഫയലില് സൂക്ഷിച്ചിട്ടില്ല.

സംയോജിത പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങള്

- പരിശോധിച്ച് രണ്ടു ഫയലുകളിലും സംയോജിത പ്രവർത്തികൾ നടന്നിട്ടില

പ്രവൃത്തി പൂര്ത്തീകരണ സാക്ഷ്യപത്രം

- പരിശോധിച്ച ഫയലുകളില് എല്ലാം തന്നെ (2)വര് ക്കുകളില് പ്രവൃത്തി പൂര് ത്തീകരണ സാക്ഷ്യപത്രം ഉള്പ്പെടുതിയിട്ടുണ്ട്. ഇതിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്

എം ബുക്ക്

- പരിശോധിച്ച ഫയലുകളില് എല്ലാം തന്നെ എം ബുക്ക് ഉള് പ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കില് പ്രവൃത്തിയുടെ പേര്,എം ബുക്ക് നമ്പര് ,പേജ് നമ്പര് ,ഓവര് സീയര് ,അക്രെഡിറ്റ് എന് ജിനീയര് എ എന്നിവരുടെ ഒപ്പ്,സീല് ,തീയതി എനിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്ക് സെക്രട്ടറി സര് ട്ടിഫൈ ചെയ്തു ഒപ്പ്, സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രീ മെഷര് മെന്റ് ,എ എസ്,ടി എസ് നമ്പര് ,മാസ്ററ് റോള് നമ്പര് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്

- അടങ്കല്‍ തുക,യഥാര്‍ ത്ഥ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

ഫോട്ടോഗ്രാഫ്

- പരിശോധിച്ച രണ്ട് ഫയലുകളിലും പ്രവർത്തിയുടെ ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചില്ല
- 1--IF/316629
- 2--IF/368174

ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്

- പരിശോധിച്ച ഫയലുകളിലോന്നും തന്നെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഉള്‍ പ്പെടുത്തിയിട്ടില്ല.

സൈറ്റ് ഡയറി

- പ്രവൃത്തികളുടെ (2)ഫയലുകളിലും സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുണ്ട്.
- പ്രവൃത്തിയുടെ പേര്,കോഡ്,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,അടങ്കല്‍ തുക,യഥാര്‍ ത്ഥ ചെലവ്,ചെക്ക് ലിസ്റ്,പ്രവൃത്തി ആരംഭ മീറ്റിങ്ങിന്റെ വിവരങ്ങള്‍ ,തൊഴിലാളികളുടെ സാക്ഷ്യപത്രം,വിജിലെന്‍ സ് ആന്‍ ന്റ് മോനിട്ടരിംഗ്ഗ് കമ്മിറ്റിയുടെ വിവരങ്ങള്‍ ,സന്ദര്ശക കുറിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പണിയായുധതിന്റെ വാടക സംബന്ധിച്ച വിവരങ്ങള്‍ ,പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങള്‍ ,ചികില്‍സചെലവ് സംബന്ധിച്ച വിവരങ്ങള്‍ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്

കണ്ടെത്തലുകള്‍

- ജനകീയ എസ്റ്റിമേറ്റ് ഒട്ടുമിക്ക ഫയലുകളിലും കണ്ടെത്താന്‍ കഴിഞ്ഞു. മാത്രമല്ല മസ്റ്റര്‍ റോളുകളില്‍ എം ബുക്കിന്റെ നമ്പരുകള്‍ രേഖപ്പെടുത്തിയാതായും കാണാന്‍ കഴിഞ്ഞിട്ടുണ്ട്.
- പരിശോധിച്ച് രണ്ടു ഫയലുകളിലും ഭരണാനുമതി ഫോം കാണാൻ കഴിഞ്ഞിട്ടില്ല
- പരിശോധിച്ച് രണ്ടു ഫയലുകളിലും സൈറ്റ് ഡയറി കൃത്യമായി സൂക്ഷിച്ചിട്ടുണ്ട് കൂടാതെ ചെക്ക് ലിസ്റ്റ് ആക്ഷൻ പ്ലാൻ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ പ്രവൃത്തികളിലും പ്രവർത്തി പൂർത്തീകരണം സാക്ഷ്യ പത്രത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഒപ്പും സീലും വെച്ചിട്ടുണ്
- IF/316620-ദുർബല ജലവിഭാഗങ്ങളുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ മഴ മൂലം ബണ്ടുകളും, മഴക്കുഴികളുംനശിച്ചുപോയിരിക്കുന്നു

- IF/368174--ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണം എന്ന പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോളും മഴമൂലം ബണ്ടുകളും, മഴ കുഴികളും നശിച്ചുപോയിരിക്കുന്നു

**CIB** യെ കുറിച്ചുള്ള വിവരങ്ങള്

- പദ്ധതിയുടെ നടത്തിപ്പിന് റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി തൊഴിലുറപ്പില് സ്ഥാപിക്കാറുള്ള സിറ്റിസണ് ഇന് ഫര് മേഷന് ബോർഡ് 2 സ്ഥലത്തും കാണാൻ കഴിഞ്ഞു.

അവകാശ നിഷേധങ്ങൾ

തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

- ❖ വേനല് ക്കാലത്ത് തണല് നല്കുന്നതിനുള്ള ടാര്പ്പോളിന് ഷീറ്റ്,മണ്ണിലും ചെളിയിലും പണിയെടുക്കുന്നതിനു ആവശ്യമായ ബൂട്സ് ,ഗ്ലൌസ് എന്നിവയും ലഭ്യമായിട്ടില്ല
- ❖ തൊഴിൽ ചെയ്തിട്ട് 15 ദിവസം കഴിഞ്ഞിട്ടും പൈസ ലഭിക്കാത്ത പ്രശ്നമുണ്ടെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു
- ❖ പ്രവർത്തി സ്ഥലത്ത് അപ്രതീക്ഷിതമായി എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകാൻ ഉള്ള സംവിധാനമായ ഫസ്റ്റ് എയ്ഡ് ബോക്സ് പ്രവര്ത്തി സ്ഥലത്ത് കാണാൻ കഴിഞ്ഞില്ല.

പണിയായുധങ്ങളും ആയി ബന്ധപ്പെട്ടത്

- പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ആയുധങ്ങൾക്ക് മൂർച്ച കൂട്ടുന്നതിന് ആവശ്യമായ ഷർപെനിങ് ചാർജ് ലഭിക്കുന്നില്ലെന്ന് തൊഴിലാളി അഭിപ്രായപ്പെട്ടു
- 

തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂള് 2, അദ്ധ്യായം 23, വാര് ഷിക മാസ്റ്റര് സര് ക്കുലറിലെ അധ്യായം 8-8.2 പ്രകാരം പ്രവര് ത്തി .സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ കിറ്റ്,കുടിവെള്ളം,തണല് സൗകര്യം,സുരക്ഷാ ഉപകരണങ്ങള് എന്നിവ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ (പഞ്ചായത്ത്)ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഈ നിയമത്തിന്റെ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്.

.

വിജിലന്സ് **&** മോണിറ്ററിംഗ് കമ്മറ്റി

പരിശോധിച്ച 2 ഫയലുകളിലും ഉ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുണ്ട് ഇവയില് എല്ലാം തന്നെ വിജിലന് സ് & മോണിട്ടറിംഗ് കമ്മറ്റിയിലെ അംഗങ്ങള് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.(വി എം സി അംഗങ്ങളുടെ പേരുകൾ ഹസ്സൈനാർ ഹാജി, ലീല, ദേവയാനി, അമ്മിണി, സാവിത്രി, ലത, വസന്തകുമാരി )

നിരീക്ഷണങ്ങള്

മേറ്റ്മാരെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്

- പദ്ധതിയുടെ നടത്തിപ്പിന് മേല് നോട്ടം വഹിക്കുന്ന മേറ്റ്മാര് ഒരാളാണ് ഉള്ളത്. ലീല എന്നിവര് . വളരെയധികം കഴിവുറ്റ ആളുകളായാണ് ഇവരെപ്പറ്റി മനസ്സിലാക്കാന് കഴിഞ്ഞത് ആവശ്യമായ പരിശീലനങ്ങളും പിന്തുണയും നല് കിയാല് ഇവരുടെ സേവനം വാര് ഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് വലിയ മുതല് ക്കൂട്ടായിരിക്കും. തൊഴിലുറപ്പ് നിയമം, പരിസ്ഥിതി സംരക്ഷണം, നീര് ത്തടാതിഷ്ടിത വികസന സമീപനം എന്നിവയില് മേറ്റ്മാര് ക്ക് പ്രാഥമികമായ പരിജ്ഞാനം ഉണ്ടാവുന്നത് വാര് ഡിനെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമായിരിക്കും.
- തൊഴില് കാര് ഡ് സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്

  ഓരോ തൊഴിലാളികളുടെയും തൊഴിൽ കാർഡ് നിരീക്ഷിച്ചതിൽ നിന്ന് തൊഴിൽ കാർഡ് തൊഴിലാളികൾ തന്നെയാണ് സൂക്ഷിക്കുന്നത് എന്ന് മനസ്സിലാക്കാൻ സാധിച്ചു

  ഓരോ തൊഴിൽ കാർഡിലും വ്യക്തമായ മസ്റ്റർറോൾ,നമ്പർഫോട്ടോതൊഴിൽദിനങ്ങൾ ആകെ തൊഴിൽ ദിനങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്
- കൂലി ലഭിക്കുന്ന ബാങ്കിൻറെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്

മാസ്റ്റർറോള് മൂവ്മെന്റ്, പ്രവര്ത്തിയുടെ നടത്തിപ്പ്.

വാര് ഡിലെ തൊഴിലുറപ്പ് പ്രവര് ത്തനങ്ങള് നിരീക്ഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് മസ്റ്റർ റോൾ മേറ്റ് ആണ് വർക്ക് സ്ഥലത്ത് എത്തിക്കുന്നത് എന്നാണ് ഇത് ഉദ്യോഗസ്ഥന്മാരുടെ കടമയാണ് ഇങ്ങനെ ചെയ്താൽ തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാവുകയും ജോലി ലഭിക്കാൻ കാല താമസം വരുകയും ചെയ്യും. തൊഴിലിനെ പ്രാധാന്യം കൊടുക്കുന്ന ഒരു കേന്ദ്രീകൃത സമ്പ്രദായമാണ് ഇവിടെ വേണ്ടത്

പ്രവൃത്തികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള

വ്യക്തിഗത ആസ്തികള് സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവര്ത്തനങ്ങളില് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോള് ദുര്ബല വിഭാഗങ്ങള് ക്ക് ഉയര് ന്ന പരിഗണന നല് കിയതായി കാണാന് കഴിയുന്നുണ്ട്. ഇതും നല്ല പ്രവണതയാണ്.

പദ്ധതിപ്രവര് ത്തനങ്ങള് സംബന്ധിച്ച സ്ഥലപരിശോധനയില് മനസ്സിലാക്കാന് കഴിഞ്ഞ കാര്യങ്ങള് .

സ്വകാര്യ വ്യക്തികളുടെ ഭൂമിയില് പ്രവര് ത്തികള് നടക്കുമ്പോള് ഉടമസ്ഥരും കൂടി പണിക്കിറങ്ങണം എന്ന് നിയമമുണ്ടെങ്കിലും പലയിടത്തും അത് സംഭവിക്കുന്നില്ല

തോട് പുനരുദ്ധാരണം പോലെയുള്ള പ്രവർത്തികളിൽ വ്യക്തമായ പ്ലാനിങ് ഇല്ലാതെയാണ് പ്രവർത്തികൾ ചെയ്തിട്ടുള്ളത് ഇതുമൂലം പലസ്ഥലത്തും പ്രവർത്തി നടന്നതിന്റെ

തെളിവുകളൊന്നുമില്ല. പല തടയണകളും കാലാവസ്ഥ കെടുതി മൂലം നശിച്ചു പോയിട്ടുണ്ട്

പ്രവര്‍ത്തികളുടെ ഗുണമേന്മ സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്

- എസ്റ്റിമേറ്റ് പ്രകാരം ഉള്ള പ്രവർത്തി തന്നെയാണ് പരിശോധിച്ച് രണ്ടു സ്ഥലത്തും കാണാൻ സാധിച്ചത്. ഭൂവികസനം പോലെയുള്ള പ്രവർത്തികളിൽ പ്രതീക്ഷിച്ച ഗുണനിലവാരം കാണാൻ സാധിച്ചില്ല ഇല്ല

മെറ്റീരിയൽ വർക്ക് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

എല്ലാ വർക്കുകളിലും സാധന ഘടകം എസ്റ്റിമേറ്റ് പ്രകാരം ഉണ്ട്.എന്നാൽ പ്രോക്യുർമെന്റ് കമ്മറ്റികളെ ഒരു ഫയലിൽ പോലും കാണാൻ കഴിഞ്ഞില്ല.മാത്രമല്ല MIS പ്രകാരം കണ്ട ബില്ലുകൾ ഫയലിൽ കാണാൻ സാധിച്ചില്ല

സംയോജിത പദ്ധതികൾ സംബന്ധിച്ച നിരീക്ഷണങ്ങൾ

പരിശോധിച്ച രണ്ട് ഫയലുകളിലും സംയോജിത പദ്ധതികളൊന്നും തന്നെ നടന്നിട്ടില്ല

പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ അഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ മൂവ്വങ്കര വാർഡ് പൊതുവേ കുന്നിൻ ചെരിവ് നിറഞ്ഞതും ചെങ്കുത്തായതുകൊണ്ട് ഭൂവികസനം പോലെയുള്ള പ്രവർത്തികൾ ചെയ്യുന്നത് മണ്ണിൻറെ ഗുണമേന്മയും പ്രകൃതിക്കും നല്ലതാണ്.മഴക്കുഴി പോലുള്ളവ കൃത്യമായ ആസൂത്രണത്തോടെ ഉണ്ടാക്കാൻ സാധിച്ചാൽ ഒരു പരിധിവരെ ജലക്ഷാമം കുറയ്ക്കാൻ സാധിക്കും. ജൈവവേലി പോലെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് നല്ലതാണ്, പ്രവർത്തികൾ സ്കൂൾ, അംഗൻവാടി മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥലങ്ങൾ ഉപയോഗിച്ച് ഭൂവികസനം ജൈവകൃഷി എന്നിവ നടത്തുന്നത് മറ്റുള്ളവർക്ക് ഒരു മാതൃക ആയിരിക്കും, 50 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് ചെയ്യാൻ കഴിയുന്ന ചെറിയ ജോലികൾ ഓവർസിയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തൊഴിലാളികൾ എന്നിവർ ചേർന്നു കണ്ടെത്തുന്നു.

മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെൻറ് ഗ്യാരണ്ടി സ്കീംൻറെ ഭാഗമായി ഓരോ ആറുമാസത്തിൽ ഒരിക്കൽ ചേർന്നിരിക്കണ്ട സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 16/11/2019 ന് തവനൂർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ മൂവ്വാങ്കര അങ്കണവാടിയിൽ വച്ച് 11 മണിക്ക് ചേർന്നു.

അധ്യക്ഷയായി കഴിഞ്ഞവർഷം നൂറ് തൊഴിൽദിനം തികച്ച അമ്മിണി എന്ന തൊഴിലാളിയെ തിരഞ്ഞെടുത്തു. വാർഡ് മെമ്പർ ഹസ്സൈനാർ ഹാജി

സ്വാഗതം പറയുകയും തൊഴിലുറപ്പിൽ സോഷ്യൽ ഓഡിറ്റ് കുറിച്ച് തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു . റിപ്പോർട്ട്

വി ആർ പി നിഖിൽ, ഷിബിൻ അവതരിപ്പിച്ചു

തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ കുറിച്ച് കൃത്യമായി തൊഴിലാളികൾക്ക് പറഞ്ഞുകൊടുത്തുതൊഴിലാളികൾ ഉന്നയിച്ച സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും പഞ്ചായത്തിൽനിന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർ  എന്നിവർ മറുപടി പറഞ്ഞു

തൊഴിലാളികൾ ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾ

▪തൊഴിലിന് ആവശ്യമായ കൈയുറ, കാലുറ ബൂട്ട്സ്, ഗ്ലൗസ് ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ ലഭ്യമായിട്ടില്ല

▪ബാങ്ക് ജീവനക്കാർക്ക് തൊഴിലാളികളോട് മോശം സമീപനമാണെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

▪വേതനം ലഭിക്കാൻ സമയം എടുക്കുന്നു

തീരുമാനങ്ങൾ

● ബാങ്ക് ജീവനക്കാർക്ക് തൊഴിലാളികളോടുള്ള മോശം സമീപനം മാറ്റാൻ ബാങ്ക് മാനേജരുമായി സംസാരിക്കാമെന്ന് മെമ്പർ സമ്മതിച്ചു

●തൊഴിലാളികൾക്ക് ആവശ്യമായ കൈയുറ ബൂട്ട്സ്  എന്നിവ കിട്ടില്ല എന്നും തൊഴിലുറപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.  എന്നാലും അടുത്ത ബോർഡ് മീറ്റിങ്ങിൽ വക്കാം എന്നും പറഞ്ഞു

● തൊഴിലാളികൾക്കുവേണ്ട മെഡിസിൻ ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ച് വരെ  പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലഭ്യമാണെന്നും അപകടം ഉണ്ടാവുന്ന പക്ഷം ആർക്കും അവിടെ പോയി മെഡിസിൻ വാങ്ങാമെന്നും മെമ്പർ പറഞ്ഞു

ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ  അദ്ധ്യക്ഷൻ അംഗീകരിക്കുകയും. മേറ്റ് ലീല  നന്ദി പറയുകയും ചെയ്തു